17/05/2025

SATURDAY ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor: Haripriya Devi VV (I/C)   Editor: Dr. Binu Harriet Ivan**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 17/05/2025

1. എന്റെ കേരളം കാർഷിക പ്രദർശന വിപണന മേള കൃഷി വകുപ്പിന്റെ വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട തീം സ്റ്റാൾ, ഔട്ട്ഡോർ ഡിസ്പ്ലേ സ്റ്റാൾ ഔട്ട്ഡോർ കൊമേർഷ്യൽ സ്റ്റാളുകൾ എന്നിവ നൂതന സാങ്കേതിക പദ്ധതികൾ, സംരംഭങ്ങൾ എന്നിവയുടെ അറിവുകളാണ് പകരുന്നത്. കൃഷി വകുപ്പിൻ്റെ ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ നേതൃത്വത്തിലാണ് ഡിജിറ്റൽ അഗ്രികൾച്ചർ തീം സ്റ്റാൾ. വിവിധ ആപ്പുകൾ പരിചയപ്പെടുത്തുന്നതിനൊപ്പം കതിർ ആപ്പ് തൽസമയ കർഷക രജിസ്ട്രേഷനും നടത്താൻ അവസരം നൽകുന്നു. ഔട്ട്ഡോർ ഡിസ്പ്ലേ യൂണിറ്റിൽ സംയോജിത കൃഷിയിടവും കൃത്യത കൃഷി, ട്രിപ് ഇറിഗേഷൻ, ഇറിഗേഷൻ, വെർട്ടിക്കൽ ഫാർമിങ് തുടങ്ങിയവയുടെ മാതൃകകൾ ഉൾപ്പെടുത്തി ഫാം മോഡൽ സെൽഫി പോയിന്റ് ആക്കിയിട്ടുമുണ്ട്. കാർഷിക സെമിനാർ മെയ് 17ന് ഉച്ചയ്ക്ക് ഒന്ന് മുതൽ മൂന്ന് വരെ ജൈവകൃഷി-പ്രകൃതികൃഷി അറിവുകളും സാധ്യതകളും വിഷയത്തലുള്ള കാർഷിക സെമിനാർ എൻ്റെ കേരളം വേദിയിലുണ്ടാകും.

2. സംസ്ഥാന മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ, കുളമ്പുരോഗ നിയന്ത്രണ പദ്ധതി ആറാം ഘട്ട പ്രതിരോധ കുത്തിവയ്പ്പ് ക്യാമ്പയിൻ, സംസ്ഥാനത്തുടനീളം 2025 മെയ് 2 മുതൽ മെയ് 23 വരെ, 18 പ്രവൃത്തി ദിവസങ്ങളിലായി നടപ്പിലാക്കുകയാണ്. ക്യാമ്പെയിൻ കാലയളവായ 18 പ്രവൃത്തി ദിവസത്തിനുള്ളിൽ നൂറു ശതമാനം ഉരുക്കളേയും (eligible population) പ്രതിരോധ കുത്തിവയ്പ്പിന് വിധേയമാക്കേണ്ടതാണ്.

3. കേരള കാർഷിക സർവകലാശാലയുടെ പിലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ നിന്നും എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 9.30

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മണിമുതൽ 4 മണിവരെ സങ്കരയിനം (T X D) തെങ്ങിൻ തൈകൾ പൊതുജനങ്ങൾക്കായി വിതരണം ചെയ്യുന്നു. ആവശ്യക്കാർ റേഷൻ കാർഡിന്റെ കോപ്പി സഹിതം കേന്ദ്രത്തിൽ എത്തിച്ചേരേണ്ടതാണ്. തെങ്ങിൻ തൈ ഒന്നിന് 325/- രൂപ. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പർ 04672260632, 8547891632.

4. ക്ഷീരരംഗത്തെ കുടുംബങ്ങൾക്ക് സുരക്ഷയും സ്ഥിരതയും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് 2016 മുതൽ നടപ്പാക്കുന്ന കന്നുകാലി ഇൻഷുറൻസ് പദ്ധതിയാണ് ഗോസമൃദ്ധി. പ്രതിദിനം കുറഞ്ഞത് ഏഴ് ലിറ്റർ പാൽ ഉൽപ്പാദന ശേഷിയുള്ള രണ്ട് മുതൽ 10 വയസ്സു വരെ പ്രായമുള്ള പശുക്കളെയും എരുമകളെയും ഗർഭാവസ്ഥയുടെ അവസാന മൂന്ന് മാസത്തിലുള്ള പശുക്കളെയും ഏഴ് മാസത്തിൽ കൂടുതൽ ഗർഭാവസ്ഥയിലുള്ള കറവ വറ്റിയ ഉരുക്കളെയും പദ്ധതിയിൽ ഉൾപ്പെടുത്താം.കന്നുകാലികളെ ഒന്ന്, മൂന്ന് വർഷത്തേക്ക് ഇൻഷുറൻസ് ചെയ്യാം. കന്നുകാലികളുടെ മരണം, ഉൽപാദനക്ഷമത നഷ്ടപ്പെടൽ, കർഷകന്റെ മരണം എന്നിവയ്ക്കാണ് പരിരക്ഷ ലഭിക്കുക. 65,000 രൂപ വരെ മതിപ്പ് വിലയുള്ള ഉരുവിന് ഒരു വർഷ പദ്ധതിയിൽ ജനറൽ വിഭാഗത്തിന് 1,356 രൂപയും എസ്.സി/എസ്.ടി വിഭാഗത്തിന് 774 രൂപയുമാണ് വിഹിതം. മൂന്ന് വർഷ പദ്ധതിയിൽ ജനറൽ വിഭാഗത്തിന് 3,319 രൂപയും എസ്.സി/എസ്.ടി വിഭാഗത്തിന് 1,892 രൂപയുമാണ് വിഹിതം. 100 രൂപ പ്രീമിയത്തിൽ ഉടമകൾക്ക് അപകട മരണ ഇൻഷുറൻസ് പരിരക്ഷക്കും അർഹതയുണ്ടാകും. പരമാവധി അഞ്ച് ലക്ഷം രൂപയാണ് വ്യക്തിഗത അപകട പരിരക്ഷ. അതത് തദ്ദേശസ്ഥാപനങ്ങളിലെ വെറ്ററിനറി ആശുപത്രിയുമായി ബന്ധപ്പെട്ട് പദ്ധതിയിൽ അംഗമാകാം.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. കേരളസർക്കാർ മൃഗസംരക്ഷണ വകുപ്പിൻ്റെ കീഴിലുള്ള മലമ്പുഴ റീജിയണൽ പൗൾട്രി ഫാമിൻ്റെ ഫോർട്ടിഫൈഡ് കോഴിവളം ജൈവ കൃഷി ചെയ്യുന്നവർക്ക് വളരെ പ്രയോജനകരമാണ്. ചാരം, മുട്ടത്തോട് കോഴി ഫാമിലെ ലിറ്റർ എന്നിവ ചേർത്ത് നന്നായി പൊടിച്ച വളം എൻ്റെ കേരളം സ്റ്റാളിൽ വില്പനക്കുണ്ട്. കിലോക്ക് 11 രൂപ. നൈട്രജൻ ഫോസ്ഫറസ് പൊട്ടാസ്യം മറ്റു ധാരാളം മൂലകങ്ങളടങ്ങിയ ഒന്നാന്തരം ഓർഗാനിക് വളം. കൂടുതൽ വേണ്ടവർ ഫാമിലേക്ക് വിളിക്കുക. അയച്ചു തരാനുള്ള ചിലവു കൂടി വഹിച്ചാൽ അതിനുള്ള ക്രമീകരണവും ചെയ്യുന്നതാണ്. വിളിക്കേണ്ട നമ്പർ 0491 2971389, 9447368196.

6. ക്ഷീര വികസന വകുപ്പിൻ്റെ ആഭിമുഖ്യത്തിൽ ജൂൺ 1 ലോക ക്ഷീരദിനമായി ആഘോഷിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, പട്ടത്തുള്ള ക്ഷീര പരിശീലന കേന്ദ്രത്തിൽ വച്ച് തിരുവനന്തപുരം ജില്ലയിലെ യു.പി, ഹൈസ്കൂൾ വിഭാഗങ്ങളിലെ സ്കൂൾ വിദ്യാർത്ഥികൾക്കായി വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. പെയിന്റിംഗ്, പെൻസിൽ ഡ്രോയിംഗ് മത്സരങ്ങൾ യൂപി & ഹൈസ്കൂൾ വിഭാഗങ്ങൾക്കായും ഉപന്യാസരചന, ഡയറി ക്വിസ് മത്സരം എന്നിവ ഹൈസ്കൂൾ വിഭാഗത്തിനു മാത്രമായും നടത്തുന്നതാണ്. പങ്കെടുക്കാൻ താൽപ്പര്യമുള്ള വിദ്യാർത്ഥികൾ 2025 മെയ് മാസം 22 നു വൈകുന്നേരം 4.00 മണിക്ക് മുമ്പായി ഈ പരിശീലന കേന്ദ്രവുമായി ഫോൺ മുഖേനയോ, നേരിട്ടോ പേരുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഫോൺ നം. 0471-2440911 6238718457. മത്സരങ്ങളിൽ പങ്കെടുക്കാൻ വരുന്നവർ സ്കൂൾ ഐഡന്റിറ്റി കാർഡ് നിർബന്ധമായും കൊണ്ടുവരേണ്ടതാണ്. സ്കൂൾ ഐ.ഡി.കാർഡ്/പ്രിൻസിപ്പാളിൻ്റെ സാക്ഷ്യപത്രം എന്നിവ ഇല്ലാത്തവരെ പരിഗണിക്കുന്നതല്ല.